# ആമുഖം

Academic Research and Review Letters-ന്റെ മൂന്നാം വാല്യം ഒന്നാം ലക്കം പ്രസിദ്ധീകരിക്കുകയാണ്. ബഹുവൈജ്ഞാനിക ഗവേഷണ ജേർണൽ എന്ന നിലയിൽ വിവിധ വിജ്ഞാന മേഖലകളിൽ നിന്നുള്ള വ്യത്യസ്ത വിഷയങ്ങളെ സംബന്ധിച്ച അന്വേഷണവും പഠനവുമാണ് മുൻ ലക്കങ്ങളെപ്പോലെ ഈ ലക്കത്തിലും ഉള്ളത്.

മോളിബ്ഡിനം ഡിസൽഫൈഡ് (MoS2) നാനോസ്ട്രക്ചറുകൾക്ക് വിവിധ ഒപ്റ്റോഇലക്ട്രോണിക് ഉപകരണങ്ങളിലെ പ്രയോഗസാദ്ധ്യതകളും ഫലങ്ങളും വിശകലനം ചെയ്യുന്നതാണ് സുനിത എ.പി.യുടെ പഠനം. സംഗീതത്തിലെ വിവിധ സാധകരീതികളുടെ സവിശേഷതകൾ സുനിൽ വി.ടി. ചർച്ചചെയ്യുന്നു. സംഘസാഹിത്യത്തിലെ പ്രാചീനകൃതിയായ തോൽക്കാപ്പിയരുടെ തോൽകാപ്പിയത്തിലെ പെണ്ണടലിനെ സംബന്ധിക്കുന്ന രേഖപ്പെടുത്തലുകളെ വിമർശനാത്മകമായി പഠിക്കുന്ന അരുൺ മോഹന്റെ പെണ്ണടലിന്റെ തൊൽക്കാപ്പിയ പരിപ്രേക്ഷ്യം, സൈബറിടത്തിലെ സ്ത്രീപീഡനത്തെ സംബന്ധിച്ച നിയമവശങ്ങൾ വിശകലനവിധേയമാക്കുന്ന ലീന അക്കാ മാത്യുവിന്റെ പഠനം, കാസർകോട് ജില്ലയിലെ മൊഗ്രാൽ നദിയുടെ അടിത്തട്ടിലെ ഭൗമഘടകങ്ങളെ അപഗ്രഥനവിധേയമാക്കുന്ന ഗോപിനാഥൻ നായർ, മുഹമ്മദ് അസ് ലം, മനോഹരൻ, സുരാജ് എന്നിവർ നടത്തിയ പഠനം, ഫിഡെ റേറ്റുള്ള പുരുഷ-വനിതാ ചെസ് താരങ്ങളിലെ ഉത്കണ്ഠാവസ്ഥയുടെ ഭിന്നതലങ്ങളെക്കുറിച്ചുള്ള വിനഭാസ്കറിന്റെ പഠനം, കേരളീയരുടെ ജീവിതശൈലിയെ സംബന്ധിച്ച പഠനത്തിനുള്ള ഇൻവെന്ററിയുടെ നിർമ്മിതിയും നിലവാരപ്പെടുത്തലും എങ്ങനെ എന്നതിനെ സംബന്ധിച്ച അനൂപ് കെ.വി., രാജു എം.സി., എന്നിവരുടെ അന്വേഷണം മുതലായവയാണ് ഈ ലക്കത്തെ സമ്പുഷ്ടമാക്കുന്നത്. ഈ ലക്കം യഥാസമയം പിയർ റിവ്യൂ ചെയ്തു തന്ന ഡോ. ഷഫീഖ്, ഡോ. വിനയശ്രീ, ഡോ എം. ഗംഗാദേവി, ഡോ. സോണിയ കെ. ദാസ് , ഡോ. അനീഷ് എ.യു., ഡോ. അനീഷ് കുമാർ കെ., എന്നിവരോടും ടൈപ്പ് സെറ്റിംഗ് ചെയ്തുതന്ന എസ്.ജെ. കമ്മ്യൂണിക്കേഷനും ഹൃദയം നിറഞ്ഞ നന്ദി രേഖപ്പെടുത്തുന്നു.

**ഡോ. മുഹമ്മദ് റഫീഖ് ടി.**
ചീഫ്എഡിറ്റർ

**ഡോ. മുഹമ്മദ് ബഷീർ കെ. കെ.**
ഇഷ്യൂ എഡിറ്റർ